സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

ഓഖി ദുരന്തം - ദുരിതാശ്വാസ ഫണ്ടിലേക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ 2018 ജനുവരി മാസത്തെ ശമ്പളത്തിൽ നിന്നും ഒരു വിഹിതം ബഹു: കേരള മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സാമ്പത്തിക സഹായം നൽകുന്നത് സംബന്ധിച്ച്.

---

**ഉത്തരവ് നമ്പർ: ആർ.ഒ.സി. 430/15/എസ്റ്റാ-1 നന്തൻകോട്, 17-1-2018**

---

**പരാമർശം :-** (1) 21-12-2017 ലെ സി.ഡി.എൻ. 4/205/2017/പൊ.ഭ.വ. നമ്പർ, 23-12-2017 ലെ 95/2017/ധന നമ്പർ സർക്കാർ ഉത്തരവുകൾ
(2) 16-1-2018 ലെ ബോർഡ് തീരുമാനം.

## ഉത്തരവ്

ഓഖി ചുഴലിക്കാറ്റിനാൽ ദുരിതമനുഭവിക്കുന്ന മത്സ്യതൊഴിലാളി കുടുംബങ്ങൾക്കും മറ്റ് ദുരിതബാധിതർക്കും ആശ്വാസമാകത്തക്കവിധം കൂടുതൽ സഹായം ലഭിക്കുന്നതിലേക്കായി തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവന ക്കാരുടെ ഒരു ദിവസത്തെ വേതനമോ അവരവരുടെ ഇഷ്ടാനുസരണമുള്ള തുകയോ സംഭാവനയായി നൽകുന്നതിന് ജീവനക്കാരോട് അഭ്യർത്ഥിക്കുന്നതിന് 16-1-2018 ൽ കൂടിയ ബോർഡ് യോഗം തീരുമാനിച്ചു.

പ്രസ്തുത ദുരന്ത നിവാരണത്തിൽ പങ്കുകൊള്ളുന്നതിനുള്ള ബോർഡിന്റെ അഭ്യർത്ഥന മാനിച്ച് ഇക്കാര്യം ജീവനക്കാരുടെ ശ്രദ്ധയിൽപ്പെടുത്തി. തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ 2018 ജനുവരി മാസത്തിലെ ഒരു ദിവസത്തെ ശമ്പളമോ അവരവരുടെ ഇഷ്ടാനുസരണമുള്ള തുകയോ സംഭാവ നയായി ലഭ്യമാക്കുന്നതിന് ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതിന് ദേവസ്വം കമ്മീഷണറെയും ഫണ്ട് സ്വരൂപിച്ച് ഒറ്റ ചെക്കായി ദുരിതാശ്വാസ നിധിയി ലേക്ക് നൽകുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് ദേവസ്വം അക്കൗണ്ട്സ് ആഫീസറെയും ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)

**സെക്രട്ടറി**

പകർപ്പ്:-

1. ദേവസ്വം കമ്മീഷണർ നടപടിക്കായി
2. ദേവസ്വം അക്കൗണ്ട്സ് ആഫീസർ - നടപടിക്കായി
3. എല്ലാ ആഫീസ് മേധാവികൾക്കും - നടപടിയ്ക്കായി
4. അക്കൗണ്ട്സ് സെക്ഷൻ, ബോർഡാഫീസ് - നടപടിയ്ക്കായി
5. EDP Section

(മറുപുറം)

EDP

6. സെക്ഷൻ ഫയൽ
7. ഫയൽ ബുക്ക്
8. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

**SK**